# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 26

# വാർത്താക്കുറിപ്പ്

**ക്രെഷ് മാനേജർ - ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ക്രെഷിൽ കരാറടിസ്ഥാനത്തിൽ മാനേജരെ നിയമിക്കുന്നു. അംഗീകൃത സർവ്വകലാശാല ബിരുദമുള്ളവരും അംഗീകൃത സ്ഥാപനത്തിൽ നിന്നും പ്രീ - പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിട്ടുള്ളവരുമായിരിക്കണം അപേക്ഷകർ. ഇതു കൂടാതെ ക്രെഷ് നടത്തിപ്പിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. പ്രായം 20നും 45നും ഇടയിൽ. നിയമിക്കപ്പെടുന്നയാൾക്ക് പ്രതിമാസം 13000 രൂപാ നിരക്കിൽ വേതനം ലഭിക്കും. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നവമ്പർ 10 ന് വൈകിട്ട് 5ന് മുമ്പ് ഡെപ്യൂട്ടി രജിസ്ട്രാർ -2 (ഭരണ വിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., അതിരമ്പുഴ, കോട്ടയം. എന്ന വിലാസത്തിൽ അപേക്ഷിക്കണം.

(പി.ആർ.ഒ/39/1179/2021)

**പരീക്ഷാഫലം**

സ്കൂൾ ഓഫ് മാനേജ്മെൻ്റ് ആൻഡ് ബിസ്സനസ് സ്റ്റഡീസ് 2020 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ - റീ അപ്പിയറൻസ് (മാനേജ്മെൻ്റ് സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1180/2021)

സ്കൂൾ ഓഫ് ലെറ്റേഴ്സ് 2021 ആഗസ്റ്റിൽ നടത്തിയ 2019 -21 ബാച്ച് നാലാം സെമസ്റ്റർ മലയാളം (ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ - ഫാക്കൽറ്റി ), എം.എ. ഇംഗ്ലീഷ് (ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ - ഫാക്കൽറ്റി ) സി.എസ്.എസ്. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

(പി.ആർ.ഒ/39/1181/2021)

2020 മാർച്ചിൽ നടത്തിയ എം.എസ് സി - ബയോടെക്നോളജി (സി.എസ്.എസ്) ഒന്നാം സെമസ്റ്റർ - സപ്ലിമെൻ്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ നവമ്പർ 10 വരെ സ്വീകരിക്കും. പുനർമൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് പെപ്പറൊന്നിന് 160 രൂപയുമാണ് ഫീസ്. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിലെ Students Portal എന്ന ലിങ്കിൽ ലഭിക്കും.

(പി.ആർ.ഒ/39/1182/2021)

2020 നവമ്പറിൽ നടത്തിയ എം.എസ് സി - ബയോടെക്നോളജി (സി.എസ്.എസ്) രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ നവമ്പർ 10 വരെ ഓൺലൈനായി സ്വീകരിക്കും. പുനർമൂല്യ

നിർണയത്തിന് പേപ്പറൊന്നിന്ന് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപയുമാണ് ഫീസ്. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിലെ Students Portal എന്ന ലിങ്കിൽ ലഭിക്കും.

(പി.ആർ.ഒ/39/1183/2021

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.സി. എ (2019 - അഡ്മിഷൻ - റഗുലർ/2018, 2017 അഡ്മിഷൻ - സപ്ലിമെൻ്ററി പ്രാക്ടിക്കൽ പരീക്ഷകൾ നവമ്പർ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ. കൂടുതൽ വിവരങ്ങൾ പരീക്ഷാ കേന്ദ്രങ്ങളിൽ ലഭിക്കും.

(പി.ആർ.ഒ/39/1184/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ